# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1100 — 11.02.2016 ൽ മറുപടിക്ക്

### ഗസ്റ്റ് അദ്ധ്യാപക വേതനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) പുതുതായി അനുവദിച്ച എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് മാത്രം വേതനം നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഉണ്ട്

(ബി) ഇതു സംബന്ധമായി പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പിലുള്ള 48404/റ്റി2/15/പൊ.വി നമ്പർ ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

ഇല്ല

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് എയ്ഡഡ് ഹയർ സെക്കന്ററി ഗസ്റ്റ് അദ്ധ്യാപകർക്കും വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ ;

സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 06.08.2015-ലെ HRMP No.7498/14/KNR പരാതിയിലെ ഉത്തരവിൻ പ്രകാരമാണ് 48404/റ്റി2/15/പൊ.വി.വ നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിക്കുന്നത്. 2011-12 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയിട്ടില്ലെങ്കിൽ അതിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഹയർ സെക്കന്ററി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ജൂനിയർ/ സീനിയർ ദിവസ വേതനം എത്രയെന്ന് കൂടി വ്യക്തമാക്കുമോ ?

ഇല്ല. എന്നാൽ ശനിയാഴ്ച പ്രവൃത്തി ദിവസം ഒഴിവാക്കിയതുകൊണ്ട് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും 2011-ൽ പരിഷ്കരിച്ച ദിവസ വേതനത്തിന്റെ അപര്യാപ്തതയും കണക്കിലെടുത്ത് 01.12.2015 മുതൽ മുൻകാല പ്രാബല്യം നൽകി ഹയർസെക്കന്ററി ജൂനിയർ അദ്ധ്യാപകരുടെ ശമ്പളം പ്രതിദിനം 600 രൂപയായും ഹയർസെക്കന്ററി സ്കൂൾ ടീച്ചറുടെ ശമ്പളം പ്രതിദിനം 720 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ